## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5480 28.07.2015 ൽ മറുപടിയ്ക്ക്**

## നാളികേരത്തിന്റെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 2015 ജൂൺ രണ്ടാം വാരം മുതൽ പച്ച നാളികേരത്തിന്റെ വിലയിൽ കുറവു വന്നിട്ടുണ്ടെങ്കിലും ജൂലൈ മൂന്നാംവാരം മുതൽ വില ഉയർന്നിട്ടുള്ളതായി കാണുന്നു. |
| (ബി) എങ്കിൽ നാളികേര കൃഷിക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (ബി) നാളികേര കർഷകരെ സഹായിക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2015-16 വർഷം 'കേരഗ്രാമം' സമഗ്രനാളികേര വികസന പദ്ധതി പ്രകാരം സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പരിപാടികൾ കാസർഗോഡ് ഒഴികെ 13 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ (2014-15), രണ്ടാം വർഷവും പദ്ധതി തുടർന്നു നടപ്പിലാക്കുന്നു. 500 ഹെക്ടർ വിസ്തൃതിയുള്ള 30 കേര ഗ്രാമങ്ങളിൽ തെങ്ങിൻ തോപ്പുകളുടെ സമഗ്ര വികസനത്തിനുള്ള കാർഷിക മുറകൾ അവലംബിക്കുന്നതിനും തെങ്ങുകയറ്റ യന്ത്രങ്ങൾ, ജലസേചനത്തിനുള്ള പമ്പ് സെറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുക, കിണർ കുഴിക്കുക, കണിക ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക, തെങ്ങിൻ തൈ നഴ്സറികൾ, ജൈവ വളയൂണിറ്റുകളുടെ നിർമ്മാണം, കേര സൊസൈറ്റികൾക്കുള്ള ധനസഹായം, ഓപ്പറേഷണൽ കോസ്റ്റ് എന്നീ ഘടകങ്ങൾക്കായി 4308 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.<br>നാളികേര കർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിന് 01.01.2013 മുതൽ കൃഷി വകുപ്പ് കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരണ |

പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം സംസ്ഥാനത്തെ 10 ജില്ലകളിലെ തെരഞ്ഞെടുത്ത 362 കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും നേരിട്ട് പച്ചനാളികേരം സംഭരിക്കുന്നുണ്ട്. സംഭരണ പദ്ധതി പ്രകാരം 5,51,000 ക്വിന്റൽ നാളികേരം സംഭരിച്ചതായി കേരഫെഡ് അറിയിച്ചിട്ടുണ്ട്. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകുന്നത്. നാളികേര കർഷകർക്ക് ആശ്വാസമായി നടപ്പിലാക്കി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി ഊർജ്ജിതപ്പെടുത്തുന്നതിനും പദ്ധതി ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും 24.04.2015 – ലെ സ.ഉ(എം.എസ്) ന.70/2015/കൃഷി പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

നിലവിൽ നാളികേരത്തിന്റെ വിപണിവില കിലോഗ്രാമിന് 16 രൂപ മുതൽ 18 രൂപ വരെയാണ് സംഭരണ പദ്ധതി പ്രകാരം കർഷകർക്ക് നൽകുന്നത് കിലോഗ്രാമിന് 25 രൂപ നിരക്കിലാണ്.

**സെക്ഷൻ ഓഫീസർ**